Mathrubhoomi
15/12/2021

# ഊർജസംരക്ഷണ അവാർഡ് വിതരണം ചെയ്തു

തിരുവനന്തപുരം ▸ സംസ്ഥാന ഊർജസംരക്ഷണ അവാർഡ് മന്ത്രി കെ.കൃഷ്ണൻകുട്ടി വിതരണം ചെയ്തു. കെ.എസ്.ഇ.ബി. ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. ബി.അശോക് അധ്യക്ഷത വഹിച്ചു.

ഊർജസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ വ്യക്തമായ അവബോധം സൃഷ്ടിച്ചെടുക്കണമെന്ന് മന്ത്രി പറഞ്ഞു.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി.സി.അനിൽകുമാർ, അനെർട്ട് സി.ഇ.ഒ. നരേന്ദ്രനാഥ് വെളുരി, ഇ.എം.സി. ഡയറക്ടർ ഡോ. ആർ.ഹരികുമാർ, കായംകുളം എൻ.ടി.പി.സി. ജനറൽ മാനേജർ എസ്.കെ.റാം, ഇ.എം.സി. ജോയിന്റ് ഡയറക്ടർ എ.എൻ. ദിനേശ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.